**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **22-02-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കുമെന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന Economic Offences Wing സംസ്ഥാനത്ത് അധികം താമസിയാതെ നിലവിൽ വരും. സംസ്ഥാനത്ത് ഒരു ഐ.ജി.യുടെ ചുമതലയിലായിരിക്കും ഈ വിഭാഗം പ്രവർത്തിക്കുക. നിലവിലുള്ള സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ടും ആധുനിക സങ്കേതങ്ങൾ വിനി യോഗിച്ചുമാണ് ഈ പ്രത്യേക വിഭാഗം രൂപീകരിക്കുക. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപ്പെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ വരുമാന സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനു പുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് പ്രവർത്തന മികവിനുള്ള അംഗീകാരമെന്ന നിലയിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഏതൊക്കെയാണ്; | (ബി) | 2016 മുതൽ പ്രവർത്തന മികവിനുള്ള അംഗീകാരമെന്ന നിലയിൽ കേന്ദ്ര/സംസ്ഥാന സർക്കാരും വിവിധ ഏജൻസികളും സംസ്ഥാന പോലീസിന് നൽകിയ പ്രധാനപ്പെട്ട പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു. 1) കോപ്സ് ടുഡേ ഇന്റർനാഷണൽ എന്ന ജേണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് ജനമൈത്രി പോലീസിന് ലഭിച്ചു. 2) സ്റ്റുഡന്റ് പോലീസ് പദ്ധതി, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് 2018-ൽ സ്കോച്ച് അവാർഡ് ലഭിച്ചു. 3) കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018 -ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി വളപട്ടണം പോലീസ് സ്റ്റേഷൻ തിരഞ്ഞെടുക്കപ്പെട്ടു. 4) ശബരിമല ദർശനത്തിന് ഓൺ ലൈൻ സംവിധാനം ഒരുക്കുന്ന വെർച്വൽ ക്യൂ പാസ്പോർട്ട് ഓൺലൈൻ പരിശോധനയ്ക്കുള്ള ഇ-വി.ഐ.പി, ഓൺ ലൈൻ ബാങ്കിംഗ് തട്ടിപ്പുകൾ തടയാനുള്ള വാട്ട്സ് ആപ്പ് സംവിധാനം എന്നിവയ്ക്ക് 2019-ൽ സ്കോച്ച് അവാർഡ് ലഭിച്ചു. 5) ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്കും സൈബർ ഡോമിനും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു. 6) എലറ്റ്സ് ടെക്നോ മീഡിയ പ്രൈവറ്റ് ലിമിറ്റഡിന്റെ പഠന പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച സൈബർ സെക്യൂരിറ്റി ഏജൻസിയായി സൈബർ ഡോം തിരഞ്ഞെടുക്കപ്പെട്ടു. 7) സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി ഒല്ലൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു. 8) 2019 -ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ ട്രോഫി പത്തനംതിട്ട, മണ്ണുത്തി പോലീസ് സ്റ്റേഷനുകൾ പങ്കിട്ടു. രണ്ടാം സ്ഥാനം പാമ്പാടി പോലീസ് സ്റ്റേഷനും മൂന്നാം സ്ഥാനം തമ്പാനൂർ പോലീസ് സ്റ്റേഷനും ലഭിച്ചു. 9) സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾക്ക് ഇ- ഗവേൺസ് വിഭാഗത്തിൽ സംസ്ഥാന സർക്കാരിന്റെ പുരസ്കാരം കേരള പോലീസിന്റെ |

| | | | |
|---|---|---|---|
| | | | സോഷ്യൽ മീഡിയ വിഭാഗത്തിന് ലഭിച്ചു. 10) ഡേറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് 2020 സൈബർ ഡോമിന് ലഭിച്ചു. 11) മാലിന്യരഹിത മേഖലയ്ക്കുള്ള ഹരിതകേരള മിഷന്റെ അവാർഡ് സംസ്ഥാന പോലീസ് ആസ്ഥാനത്തിന് ലഭിച്ചു. 12) ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം അഴിമതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചു. 13) സംസ്ഥാന വനംവകുപ്പ് ഏർപ്പെടുത്തിയ വനമിത്ര അവാർഡിന് കൊല്ലം കോസ്റ്റൽ പോലീസ് സ്റ്റേഷൻ അർഹമായി. 14) ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ നൽകുന്ന ഇ-ഗവേണൻസ് പുരസ്കാരം കേരളാ പോലീസ് സോഷ്യൽ മീഡിയ വിഭാഗത്തിന് ലഭിച്ചു. വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ നടത്തിയ കോവിഡ്, പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വർണ്ണപ്പതക്കം ലഭിച്ചു. |
| (സി) | പോലീസ് സേനയുടെ ആത്മവിശ്വാസവും വിശ്വാസ്യതയും തകർക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. പോലീസ് സേനയുടെ ആത്മവിശ്വാസവും, വിശ്വാസ്യതയും തകർക്കുന്ന തരത്തിൽ പോലീസ് സേനാംഗങ്ങൾക്കെതിരെ ഒറ്റപ്പെട്ട ആക്രമണങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും കൂടാതെ സമൂഹമാധ്യമങ്ങളിൽ കൂടിയും മറ്റും പോലീസ് സേനാംഗങ്ങളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ (trolling) പങ്കുവയ്ക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രചരണങ്ങൾക്കു പിന്നിൽ ചില തീവ്രവാദ സ്വാഭാവമുള്ള വിഭാഗങ്ങളും സാമൂഹ്യവിരുദ്ധ ഗ്രൂപ്പുകളും ഉണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നിരീക്ഷിച്ചു വരികയാണ്. |
| (ഡി) | പോലീസ് സേനയുടെ പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ? | (ഡി) | തികച്ചും പ്രൊഫഷണലായ സമീപനമുള്ള ഒരു സേനയായി നമ്മുടെ പോലീസ് സേനയെ മാറ്റുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന് സേനയെ പര്യാപ്തമാക്കുംവിധം ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, പുതിയ നിയമങ്ങളെക്കുറിച്ചുള്ള അവബോധം, കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതു ജനങ്ങളോടുള്ള സമീപനം, മാനസിക സംഘർഷങ്ങൾ തരണം ചെയ്യുന്നതിനുള്ള പരിശീലനം എന്നിവയ്ക്കൊപ്പം സൈബർ കേസുകളുടെ അന്വേഷണത്തിനുള്ള പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ബോഡി വോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തടങ്ങിയ ആധുനിക ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതു ജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ "തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനവും ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കുന്നതും, സ്റ്റുഡന്റ് പോലീസ് വ്യാപിപ്പിക്കുന്നതും പോലീസ് സേനയുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന നടപടികളാണ് |

സെക്ഷൻ ഓഫീസർ